14
ജൂൺ 2024
വെള്ളി

ജാലകം

കോട്ടയം
2 പേജ്
വാല്യം 22 ലക്കം 17

സ്വപ്നങ്ങളിലേക്ക് ചിറകുവിടർത്തി.....: ഇടത്തു നിന്ന് (താഴെ) : സിസ്റ്റ സായി പ്രത്യൂഷ, ആശിർവാദ് എ. നായർ, അജയ് സണ്ണി, ജോവൽ ആൻ വറുഗീസ്, സ്റ്റെഫി സാമുവൽ, അലൻ തോമസ് ജോൺ, സ്വപ്ന സുജിത്, യമീമ മിരിയ ഉമ്മൻ. ഇടത്തു നിന്ന് (മുകളിൽ) : അമിത ജോർജ്, താരുഷി വീരസിംഗെ, എബി ജോർജ് സഖറിയ, ബി. ഗോപിക, മരിയ ജോമോൻ, റെജീന ജോസഫ്, എസ്. ശ്രീജിത്, സാൻജോ ബേബി, ആമി വി. ഷാജു, സക്ഷം സിൻഹ, റൂബൻ യാക്കോബ് സണ്ണി.

മാധ്യമലോകത്തേക്ക് മാസ്കോമിന്റെ സ്വ. ലേഖകർ

സ്വപ്ന സുജിത്

കോട്ടയം● നേരിന്റെയും നീതിയുടെയും മാർഗത്തിലേയ്ക്കുള്ള മാധ്യമപ്രവർത്തന പരിശീലനം പൂർത്തിയാക്കി നാളെയുടെ ശബ്ദമായി മാറുകയാണ് മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷനിലെ വിദ്യാർഥികൾ.

മികച്ച ഭാവി സ്വപ്നം കണ്ടുകൊണ്ടാണ് ഈ 19 വിദ്യാർഥികളും മാസ്കോമിന്റെ പടിയിറങ്ങുന്നത്. 2023-24 ലെ വിദ്യാർഥികൾക്കുള്ള ബിരുദാനന്തര ബിരുദ ഡിപ്ലോമ കോട്ടയം മലയാള മനോരമ ഓഫീസിന്റെ സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി ലിസി ജേക്കബ് സമ്മാനിക്കുന്നതോടെ ഈ അധ്യയനത്തിനും പരിശീലനത്തിനും തിരശീല വീഴുകയാണ്.

പ്രിന്റ്, ബ്രോഡ്കാസ്റ്റ്, ഡിജിറ്റൽ എന്നീ മേഖലകളിൽ കഴിവ് തെളിയിച്ചാണ് ഈ ബാച്ചിലെ വിദ്യാർഥികൾ മുന്നേറുന്നത്. എല്ലാ വിദ്യാർഥികൾക്കും അവരവർക്ക് അനുയോജ്യമായ ജോലി മേഖല കണ്ടെത്താൻ സഹായിച്ചതിൽ മാസ്കോമിന്റെ പങ്ക് വലുതാണ്. ക്ലാസുകൾ കഴിയുന്നതിന് മുൻപ് തന്നെ പലർക്കും പ്ലേസ്മെന്റും ലഭിച്ചു.

പത്ത് മാസം നീണ്ട പഠനകാലം മാസ്കോം വിദ്യാർഥികൾക്ക് നൽകിയത് പുതിയൊരു കുതിപ്പിനായുള്ള ഊർജമാണ്. മനോരമ ഉൾപ്പെടെ ഇന്ത്യയിലെ പ്രമുഖ മാധ്യമസ്ഥാപനങ്ങളിൽ ജോലി നേടിയാണ് പലരുടെയും മടക്കം.

അധ്യാപകരുടെയും മാനേജ്മെന്റിന്റെയും പിന്തുണയും മാർഗനിർദ്ദേശവുമാണ് വിദ്യാർഥികൾക്ക് വിജയത്തിലെത്താൻ പ്രചോദനമായത്. പ്രഗത്ഭരായ അധ്യാപകരാണ് മാസ്കോമിന്റെ കരുത്ത്. പ്രമുഖ മാധ്യമ പ്രവർത്തകരും, കലാ സാംസ്കാരിക രംഗത്തുള്ളവരും നയിക്കുന്ന ക്ലാസുകൾ വിദ്യാർഥികൾക്ക് മികച്ച അവസരങ്ങൾ സൃഷ്ടിക്കുന്നു.

മാസ്കോമിന്റെ ഏറ്റവും വലിയ പ്രത്യേകത ഇവിടുത്തെ പഠന രീതികൾ തന്നെയാണ്. ക്ലാസ്സ്മുറികളിൽ മാത്രം ഒതുങ്ങി നിൽക്കാതെ മാധ്യമപ്രവർത്തനത്തിൽ പ്രായോഗിക പരിശീലനം നൽകുന്നു എന്നതുകൊണ്ട് തന്നെ മാസ്കോം മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്നു.

മാസ്കോമിലെ പരിശീലന പത്രങ്ങളായ ജാലകവും ഫോർത്ത് എസ്റ്റേറ്റും വാർത്താ ബുള്ളറ്റിൻ മാസ്കോം ന്യൂസും എല്ലാ ആഴ്ചകളിലും മികച്ച വാർത്തകളുമായി പുറത്തിറങ്ങുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർഥികളിലെ കഴിവ് വളർത്തിയെടുക്കാൻ ഏറെ പ്രയോജകരമായി. പരിശീലന പത്രങ്ങളിൽ വന്ന വാർത്തകൾ പിന്നീട് മുഖ്യധാര മാധ്യമങ്ങൾ ഏറ്റെടുത്തു എന്നതും ഈ ബാച്ചിന് അഭിമാനിക്കാവുന്ന കാര്യമാണ്. മാസ്കോം ചരിത്രത്തിലാദ്യമായാണ് വിദ്യാർഥികൾ മനോരമ ഓൺലൈനു വേണ്ടിയും ഓൺ മനോരമയ്ക്ക് വേണ്ടിയും എഴുതിയത്. കൂടാതെ ഇത്തവണത്തെ മാസ്കോം ബാച്ച് മലയാള മനോരമക്ക് സമ്മാനിച്ചത് പ്രീമിയം വിഭാഗത്തിൽപെട്ട മൂന്നു ലേഖനങ്ങളാണ്.

എഴുത്തിനപ്പുറം മാസ്കോം വിദ്യാർഥികൾ ബ്രോഡ് കാസ്റ്റ് സ്റ്റോറികളിലും ,വീഡിയോ പ്രോഗ്രാമുകളിലും, ഡോക്യുമെന്ററികളിലും തങ്ങളുടെ കഴിവ് തെളിയിച്ചു. മാസ്കോം ദിനം ഫലവത്താക്കിയും ചോദ്യോത്തര പരിപാടികളിലൂടെയും കൂട്ടായ വാർത്താ വിശകലനങ്ങളിലൂടെയും വാദപ്രതിവാദങ്ങളിലൂടെയും അവർ അധ്യയനേതര മേഖലകളിൽ മുന്നിട്ടുനിന്നു.

കോഴ്സിന്റെ ഭാഗമായുള്ള പഠനയാത്രയും സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രശസ്തരുമായുള്ള കൂടിക്കാഴ്ച്ചകളും വിദ്യാർഥികൾക്ക് പുതിയൊരു അനുഭവമാണ് നൽകിയത്.

മാധ്യമ പ്രവർത്തനത്തിന്റെ അടിസ്ഥാന പാഠങ്ങളെല്ലാം തങ്ങളുടെ കൈകളിൽ ഭദ്രമാക്കി നല്ലൊരു ഭാവി സ്വപ്നം കാണുന്നവരാണ് ഇവിടെ ഓരോരുത്തരും. മാധ്യമ പ്രവർത്തന രംഗത്തേക്ക് മികച്ച ഒരു കൂട്ടം വിദ്യാർഥികളെ നൽകാൻ മാസ്കോമിന് സാധിച്ചു. തങ്ങളുടെ കയ്യൊപ്പ് മാധ്യമ പ്രവർത്തനത്തിലുടനീളം ചാർത്താനാകുമെന്ന പ്രതീക്ഷയിലാണ് ഇവിടുന്ന് ഓരോരുത്തരും പടിയിറങ്ങുന്നത്.

ഈ ശാസ്ത്രവും തരംഗവും മനോരമയ്ക്ക് സ്വന്തം

എബി ജോർജ് സഖറിയ

കോട്ടയം● ജൂൺ മുപ്പതും ജൂലായ് ഒന്നും മലയാള മനോരമ പത്രാധിപ സമിതിയെ സംബന്ധിച്ചിടത്തോളം സുപ്രധാന ദിനങ്ങളാണ്. എഡിറ്റോറിയൽ ഡയറക്ടർ മാത്യൂസ് വർഗീസ് വിരമിക്കുകയും ജോസ് പനച്ചിപ്പുറം ആ ചുമതല ഏറ്റെടുക്കുകയും ചെയ്യുന്ന ദിവസങ്ങൾ. 'ജാലക'ത്തിലൂടെ രണ്ടു പേരും സ്വന്തം അനുഭവങ്ങളെ വീക്ഷിക്കുകയാണിവിടെ.

അക്ഷരമികവിന്റെ തരംഗങ്ങളിലൂടെ .....

ജോസ് പനച്ചിപ്പുറം, മലയാള മനോരമ സീനിയർ അസോസിയേറ്റ് എഡിറ്റർ

മാധ്യമ പ്രവർത്തനം പഠിക്കുന്നത് അടിത്തറയൊരുക്കാൻ വേണ്ടി മാത്രമാണെന്ന് നിയുക്ത എഡിറ്റോറിയൽ ഡയറക്ടർ ജോസ് പനച്ചിപ്പുറം പറയുന്നു. അത് പൂർണമാകുന്നത് പ്രായോഗിക തലത്തിൽ ഒരു മാധ്യമ സ്ഥാപനത്തിൽ ജോലി ചെയ്യുമ്പോഴാണ്. വെല്ലുവിളികളും പുതിയ കാര്യങ്ങളും അവിടെയാണ് സ്വായത്തമാകുന്നത്.

കഥകളിയിലെ മനോധർമം മാധ്യമ പ്രവർത്തനത്തിലുമുണ്ട്. തികഞ്ഞ അർപണ ബോധത്തോടെ പഠിച്ച കാര്യങ്ങളെ സാഹചര്യത്തിനൊത്ത് പ്രയോഗിക്കുന്നതിലൂടെയാണ് നല്ല മാധ്യമ പ്രവർത്തകരായി വളരാൻ കഴിയുന്നത്. എഴുത്തിന്റെ ശൈലി, ഭാഷയോടുള്ള സമീപനം എന്നിവയിലെ മികവിലൂടെയാണ് മാധ്യമ പ്രവർത്തകന്റെ വ്യക്തിത്വം രൂപപ്പെടുന്നത്.

വായനക്കാരന് എത്രത്തോളം പത്രവുമായി യോജിച്ചു പോകാൻ കഴിയുന്നു എന്നതാണ് പത്രത്തിന്റെയും മാധ്യമ പ്രവർത്തനത്തിന്റെയും വിജയം നിർണയിക്കുന്നത്. ഒൻപത് വർഷം മനോരമ അടഞ്ഞു കിടന്നതിന് ശേഷം 1947ൽ പുനരാരംഭിച്ചപ്പോൾ കോട്ടയത്തുനിന്ന് ഇറങ്ങുന്ന പത്രങ്ങളിൽ പോലും അഞ്ചാമതായിരുന്നു. പക്ഷേ അവിടെ നിന്ന് ഇന്ത്യയിലെ ഏറ്റവും വലിയ പ്രാദേശിക പത്രം എന്ന നിലയിൽ എത്തിയിട്ടുണ്ടെങ്കിൽ അത് ജനങ്ങളുമായുള്ള ബന്ധത്തിന്റെ തെളിവാണ്.

പത്രത്തിന്റെ ദൃശ്യാനുഭൂതിയിൽ വളരെ പ്രധാനമാണ് "വൈറ്റ് സ്പേസ്". അക്ഷരങ്ങളിലേക്ക് വായനക്കാരനെ നയിക്കുന്നത് വൈറ്റ് സ്പേസാണ്. അത് ഫലപ്രദമായി വിനിയോഗിച്ച് പത്രത്തിന് ഭംഗി നൽകുകയും വായന സുഖകരമാക്കുകയും ചെയ്യുന്നു. ദൃശ്യഭംഗിയ്ക്ക് മാസ്റ്റ് ഹെഡിൽ പ്രാധാന്യം നൽകി, ഹാർഡ് സ്റ്റോറി തലക്കെട്ടുകൾക്ക് കറുപ്പ് നിറം എന്നിവയാണ് റീ ഡിസൈനിലെ പ്രധാന മാറ്റങ്ങൾ. പുനർരൂപകല്പനയ്ക്ക് ലഭിച്ച പ്രതികരണങ്ങളെല്ലാം ചൂണ്ടിക്കാണിച്ചത് പത്രത്തിന്റെ യുവത്വം കൂടി എന്നതായിരുന്നു.

മനോരമ പോലെ വലിയ മാധ്യമ സ്ഥാപനങ്ങളെ ലക്ഷ്യം വെയ്ക്കുന്ന പല രാഷ്ട്രീയ നീക്കങ്ങളും പരോക്ഷമായി മാധ്യങ്ങളുടെ ശക്തിയെ ഭയക്കുന്നതിന്റെ തെളിവാണ്. രാഷ്ട്രീയ പാർട്ടികളും സർക്കാരും മാറി വരും. പത്രത്തിന്റെ കടമ എന്നത് സമൂഹത്തിൽ നടക്കുന്ന എത് കാര്യവും ധാർമികതയോടെ ഉച്ചത്തിൽ വിളിച്ചു പറയുക എന്നതാണ്. ഇനി വരാൻ പോകുന്ന ഒരു തലമുറ വ്യക്തിത്വത്തെയും വ്യക്തി ബന്ധങ്ങളെയും ബഹുമാനിക്കുകയും മുൻവിധികൾ മാറ്റിവെച്ച് ആരോഗ്യകരമായി ചിന്തിക്കുകയും ചെയ്യുമെന്ന് കരുതാം.

തന്റെ "തരംഗങ്ങളിൽ" എന്ന പംക്തിയിൽ വിഷയങ്ങൾ നിസ്സാരമായാൽ പോലും എഴുത്തിന്റെ ഭംഗിയിലൂടെ ഒരു കലാ സൃഷ്ടിയെന്ന രീതിയിലാണ് അവതരിപ്പിക്കാറ്. പല കാര്യങ്ങളെ പറ്റി എഴുതുമ്പോഴും അത് നിരവധി സാധാരണക്കാർക്ക് ഗുണം ചെയ്തിട്ടുണ്ടെന്നത് സന്തോഷകരമാണ്. മന്ത്രിയായി രാജ്യം ഭരിച്ചില്ലെങ്കിലും സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾ പറയുമ്പോൾ അതിനൊരു മാറ്റം സമൂഹത്തിലുണ്ടാവുന്നു എന്നത് വലിയ കാര്യമാണെന്ന് ജോസ് പനച്ചിപ്പുറം ചൂണ്ടിക്കാണിക്കുന്നു.

തിരുവനന്തപുരത്തെ പഠനകാലത്താണ് അടൂർ ഗോപാലകൃഷ്ണന്റെ ചിത്രലേഖ ഫിലിം സൊസൈറ്റിയിൽ അധ്യാപകനും നടനുമായ രാജശേഖരൻ നായർ വഴി എത്തിയത്. ഫിലിം സൊസൈറ്റിയൊന്നുമില്ലായിരുന്ന കോട്ടയത്തെത്തുമ്പോൾ ദൃശ്യ എന്ന ഫിലിം സൊസൈറ്റിയുടെ പിറവിയിൽ ഭാഗഭാക്കാൻ കഴിഞ്ഞത് ജോസ് പനച്ചിപ്പുറം ചാരിതാർഥ്യത്തോടെ ഓർക്കുന്നു.

ഊർജതന്ത്രത്തിൽ നിന്ന് ഊർജം പകർന്ന്.....

ന്യൂക്ലിയർ ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള മാത്യൂസ് വർഗീസിന്റെ മാധ്യമപ്രവർത്തനത്തിലേക്കുള്ള യാത്രയ്ക്ക് തുടക്കമിട്ടത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലായിരുന്നു. ഇംഗ്ലീഷ് ശാസ്ത്ര പുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തുകൊണ്ടായിരുന്നു അത്.

മലയാള മനോരമയിൽ ജോസ് പനച്ചിപ്പുറത്തിനൊപ്പം ട്രെയ്നിയായെത്തി എഡിറ്റോറിയൽ ഡയറക്ടറായി വിരമിക്കുമ്പോൾ അര നൂറ്റാണ്ടിന്റെ പ്രവൃത്തി പരിചയത്തിന് ഒരു വർഷമേ കുറവുള്ളൂ.

ഈ കാലയളവിൽ മാത്യൂസ് വർഗീസ് കാണുന്നത് കഴിഞ്ഞ പത്തു വർഷങ്ങളായി ഓൺലൈൻ ഡിജിറ്റൽ മാധ്യമങ്ങൾ അച്ചടി മാധ്യമങ്ങൾക്ക് ഉയർത്തുന്ന വെല്ലുവിളിയാണ്. അച്ചടി മാധ്യമങ്ങൾ അവയുടേതായ ഇടം കണ്ടെത്തേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറയുന്നു.

ഓരോ സംഭവവികാസവും എങ്ങനെ വായനക്കാരനെ ബാധിക്കുന്നു എന്ന് പറയുകയാണ് ഇന്ന് പത്രത്തിന്റെ പ്രധാന ധർമം. കുട്ടികൾ കേരളത്തിലല്ല ലോകത്തിലാണ് ഇന്ന് ജനിക്കുന്നത്. അവരുടെ അഭിരുചിക്കനുസരിച്ച് പത്രങ്ങളും ലോകോത്തര നിലവാരത്തിലെത്തണം. മനോരമയിൽ ഈ പരീക്ഷണങ്ങൾ നേരത്തെ തന്നെ നടപ്പാക്കിയിരുന്നു അതിൽ പ്രധാനമാണ് രാജ്യാന്തര ഡിസൈനർമാരെ ഉൾപ്പെടുത്തിയുള്ള പുത്തൻ രൂപകല്പന. അതിൽ പങ്കുകൊള്ളാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യത്തിലാണ് മാത്യൂസ് വർഗീസ്.

മാത്യൂസ് വർഗീസ്, മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ

പത്രം പണം കൊടുത്തു വാങ്ങുന്ന വായനക്കാരനെന്ത് ഗുണമെന്നു ചോദിച്ചാൽ മറുപടി മൂല്യാധിഷ്ഠിതമായ പംക്തികളും വിവരങ്ങളും ജനങ്ങളിലെത്തിക്കുക എന്നതുതന്നെ. മനോരമയിലെ "പഠിപ്പുര" അതിനുദാഹരണം.

തന്റെ വ്യക്തിപരമായ മികവായി അദ്ദേഹം കാണുന്നത് എല്ലാവരുടെയും സഹകരണത്തോടെ നല്ലൊരു ടീം ലീഡർ ആകാൻ കഴിഞ്ഞു എന്നതാണ്. ശാസ്ത്രാഭിരുചിയും പശ്ചാത്തലവും കാരണം ഏതു കാര്യത്തെയും യുക്തിപരമായി സമീപിക്കാനും വിശകലനം ചെയ്യാനും സാധിച്ചുവെന്ന് മാത്യൂസ് വർഗീസ് വിശ്വസിക്കുന്നു.

വായനക്കാരുടെ വൈവിധ്യം, ജാതിമതഭേദമന്യേ സമൂഹവുമായുള്ള ശക്തമായ ബന്ധം, എല്ലാ വാർത്തയും വായിക്കപ്പെടുന്നതിന് ഉതകുന്ന രൂപകല്പന, വിമർശനങ്ങളെ സ്വീകരിക്കാനുള്ള തുറന്ന മനസ്സ് എന്നിവയാണ് മനോരമയുടെ വളർച്ചയിലെ ശക്തിയായി അദ്ദേഹം കാണുന്നത്.

വിവിധ മേഖലയിൽ നിന്നുള്ള വായനക്കാർ നമ്മളെക്കാൾ പ്രഗൽഭരാണ് എന്ന ബോധം മാധ്യമവിദ്യാർഥികൾക്കുണ്ടാകണം എന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. എഴുത്തിന്റെ ശൈലി, അവതരണം, ഉള്ളടക്കം എന്നിവ കാലോചിതമായി പരിഷ്കരിക്കുകയും വേണം.

ഇനി എങ്ങോട്ടെന്ന് ചോദിക്കുമ്പോൾ മറുപടി, കാലം എങ്ങോട്ടു കൊണ്ടുപോകുന്നുവോ അവിടേയ്ക്ക് എന്നാണ്. ശാസ്ത്രാഭിരുചി കെടാതെ മനസ്സിലുള്ളതുകൊണ്ട് ശാസ്ത്രവുമായി ബന്ധപ്പെട്ട് കൂടുതൽ വായന തുടരാൻ അദ്ദേഹം ആഗ്രഹിക്കുന്നു.

ഫയലുകൾക്കപ്പുറം തെളിഞ്ഞുനിന്ന അക്ഷരങ്ങളും വരകളും

റെജീന ജോസഫ്

കോട്ടയം● "ഒരു കവി സെക്രട്ടേറിയറ്റിൽ ഒളിച്ചിരിക്കുന്നു" എന്ന തലക്കെട്ടിൽ മനോരമ പത്രത്തിൽ വന്ന വാർത്ത ചിലരെങ്കിലും ഓർക്കുന്നുണ്ടാവും. ലളിത ജേക്കബ് എന്ന തൂലിക നാമത്തിനുടമ ലിസി ജേക്കബ് എന്ന കവിയായി മാറിയത് ഈ വാർത്തയിലൂടെയാണ്.

സംസ്ഥാനത്തെ രണ്ടാമത്തെ വനിതാ ചീഫ് സെക്രട്ടറിയാണ് ലിസി ജേക്കബ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു ചീഫ് സെക്രട്ടറി മുഖ്യമന്ത്രിയോടുള്ള പ്രതിഷേധത്തെ തുടർന്ന് ഐഎഎസും ചീഫ് സെക്രട്ടറി പദവും ഉപേക്ഷിച്ചശേഷം സെക്രട്ടേറിയറ്റിന്റെ പടിയിറങ്ങി. ഇത്തരം ഉറച്ച നിലപാടുകൾ തന്നെയാണ് ലിസി ജേക്കബിനെ വ്യത്യസ്തയാക്കിയത്.

സംസ്ഥാനമൊട്ടാകെയുള്ള ഉദ്യോഗസ്ഥ വൃന്ദത്തിന്റെ തലപ്പത്ത് ഇരുന്നപ്പോഴും ഉള്ളിലെ കഴിവുകൾ അനുദിനം മിനുക്കിയെടുക്കാൻ ലിസി മറന്നില്ല. ചിത്രമെഴുത്തിലും കവിതയിലും സജീവമായി തുടരാൻ അവർ ശ്രദ്ധിച്ചു. ഇന്നും ഈ മേഖലകളിൽ തന്റേതായ സ്വത്വം നിലനിർത്തി മുന്നോട്ടു പോകുകയാണ് അവർ. സ്കൂൾ കാലം മുതൽ വ്യത്യസ്ത മേഖലകൾ ഇണക്കിയെടുത്തതുകൊണ്ട് ഭാരിച്ച ചുമതലകൾക്കിടയിലും അവയോട് നീതി പുലർത്താൻ ലിസി ജേക്കബിനു കഴിഞ്ഞു.

ലിസി ജേക്കബിന്റെ വാക്കുകളിലൂടെ.....

ലിസി ജേക്കബ്

കേരള സെക്രട്ടറിയേറ്റിലെ ഉന്നതസ്ഥാനങ്ങൾ നിർവഹിച്ചവരിൽ കവികൾ ചുരുക്കമാണ്. കവിയെന്ന നിലയിൽ താങ്കൾ എങ്ങനെ വ്യത്യസ്ഥയാകുന്നു?

" ഒരു പൂ വിരിഞ്ഞാൽ വസന്തമെന്നോ
ഒരില കൊഴിഞ്ഞാൽ ശിശിരമെന്നോ
ഒരു തുള്ളി പെയ്താൽ പേമാരിയാമോ
ഒരു വരി ചൊല്ലിയാൽ കവിയാകുമേ?

"അതുകൊണ്ടു തന്നെ ഞാൻ സ്വയം കവിയായി കാണുന്നില്ല.

ജീവിതത്തിൽ ഉണ്ടാകുന്ന അനുഭവങ്ങളാണ് എഴുത്തുകാരെ സ്വാധീനിക്കാറുള്ളത് അത്തരത്തിൽ എന്തെങ്കിലും അനുഭവങ്ങൾ കവിതയോ ചിത്രമോ ആക്കിയിട്ടുണ്ടോ?

അനുഭവങ്ങൾ ഒരുപാട് ഉണ്ടാകാറുണ്ട് ചിലതെല്ലാം ചിത്രങ്ങളോ കവിതകളോ ആകാറുമുണ്ട്. മനസ്സിലെ ബുദ്ധിമുട്ടുകൾ മാറ്റാൻ വർണ്ണങ്ങളുടെയും കവിതകളുടെയും ലോകം സഹായിക്കാറുണ്ട്. അത്തരത്തിൽ മനുഷ്യ ബന്ധങ്ങളെക്കുറിച്ച് കഥ പറഞ്ഞ കവിതയാണ് "സമാന്തര രേഖകൾ".

താങ്കളിലെ ചിത്രകാരിയും കവിയും എങ്ങനെ സമരസപ്പെട്ടിരിക്കുന്നു. ഒരേ ആശയം നിലനിർത്തുന്ന ഏതെങ്കിലും ചിത്രവും കവിതയുമുണ്ടോ?

അങ്ങനെ ഏതെങ്കിലും ഉണ്ടെന്ന് പറയാൻ പറ്റുന്നില്ല. എന്നിരുന്നാലും ചിത്രകാരി ആയതുകൊണ്ട് തന്നെ കവിതകൾ വാങ്മയ സ്വഭാവം നിലനിർത്തുന്നുണ്ടെന്ന് കവയത്രി റോസ്മേരിയെ പോലുള്ളവർ പറഞ്ഞിട്ടുണ്ട്.



ലിസി ജേക്കബിന്റെ വര

തൊട്ടുമുമ്പ് ചീഫ് സെക്രട്ടറിയായിരുന്ന ഭർത്താവ് ബാബു ജേക്കബിൽനിന്ന് എന്തെങ്കിലും പാഠങ്ങൾ ജീവിതത്തിലും തൊഴിലിലും ഉൾകൊണ്ടിട്ടുണ്ടോ?

ഏതൊരു കാര്യത്തെക്കുറിച്ചും വിശദമായി പഠിക്കുന്നത് അദ്ദേഹത്തിന്റെ സ്വഭാവമാണ്. ഇത് പ്രചോദനമായിട്ടുണ്ട്.

ചിത്രകലാരംഗത്ത് നൽകിയ ഏറ്റവും വലിയ സംഭാവന ഏത്?

ചിത്രങ്ങൾ രചിക്കുക എന്നതിനപ്പുറം ആളുകൾക്ക് അവ കാണാനുള്ള അവസരമുണ്ടാകണം. ഒരുപാട് ചിത്രകാരന്മാർക്ക് ചിത്രപ്രദർശനത്തിന് സ്ഥലം ആവശ്യമാണ്. ഈ ആവശ്യം പരിഗണിച്ച് മാനേജിങ് ട്രസ്റ്റിയായി ഒരു ട്രസ്റ്റ് ഉണ്ടാക്കി. "സൂര്യകാന്തി" എന്നാണ് അതിന്റെ പേര്. ഈ ട്രസ്റ്റ് വഴി നിരവധി പ്രദർശനങ്ങൾ നടത്തി. എപ്പോൾ വേണമെങ്കിലും ആളുകൾക്ക് ചിത്രങ്ങൾ ആസ്വദിക്കാൻ ഒരു സ്ഥിരം ഗാലറിയും സജ്ജീകരിച്ചു.

താങ്കളുടെ പിൻഗാമിയെന്ന നിലയിൽ കവയത്രിയായി ഒരു ഐഎഎസ്സുകാരി കൂടി വന്നു, ശാരദ മുരളീധരൻ. കൂടുതൽ ഐഎഎസ് വനിതകൾ കവിതകളെഴുതുന്നതിൽ സന്തോഷമുണ്ടോ?

തീർച്ചയായും സന്തോഷമുണ്ട്. അവരുടെ കവിതകൾ വായിച്ചിരുന്നു. വളരെ നന്നായി എഴുതുന്നുമുണ്ട്.

മജീഷ്യൻ മുതുകാടിൽനിന്ന് മാന്ത്രിക വിദ്യകളൊക്കെ പഠിക്കുകയുണ്ടായി. ഈയൊരു തീരുമാനത്തിലേക്ക് എത്തിയതെങ്ങനെ?

മാജിക്കും ഒരു കലയാണ്. എല്ലാത്തരം കലകളും ഇഷ്ടമായതുകൊണ്ട് മാജിക്കിനോടും ഇഷ്ടം തോന്നി. ചെറുപ്പം മുതലേയുള്ള ആഗ്രഹമായിരുന്നു.

കോട്ടയം ഇടനാഴി പാഴ് വാക്കായി , ഭൂമി നൽകിയവർ വഴിയാധാരം

മരിയ ജോമോൻ

കോട്ടയം● എട്ടു വർഷമായി അനക്കമില്ലാതെ അവഗണിക്കപ്പെട്ട കോട്ടയം വികസന ഇടനാഴി പദ്ധതി വഴിമുട്ടി. സർക്കാരിന് ഭൂമി വിട്ടുനൽകിയ ഭൂവുടമകൾക്ക് ഇപ്പോഴത്തെ ഭൂമിയുടെ വില കണക്കാക്കി മതിയായ നഷ്ടപരിഹാരം നൽകണമെന്ന കേരള ഹൈക്കോടതി വിധിയും പദ്ധതിക്ക് അവസാനമേറ്റ കനത്ത ആഘാതമായി.

ജല - റോഡ് - റെയിൽ ഗതാഗതം ഒരു കുടക്കീഴിൽ കൊണ്ടുവരികയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. നഷ്ടപരിഹാരം കൊടുക്കണമെന്ന കോടതി വിധിയോടെ നേരത്തെതന്നെ പുറം തിരിഞ്ഞുനിന്ന എൽഡിഎഫ് സർക്കാരും പദ്ധതിക്കു വേണ്ടി ഇനിയൊട്ടും ശ്രമിക്കില്ലെന്ന് ഉറപ്പായി. "കഴിഞ്ഞ എട്ടു വർഷമായി സർക്കാർ ഈ പദ്ധതിയോട് ഒരു താല്പര്യവും കാണിക്കുന്നില്ലെന്ന് മാത്രമല്ല അതിനെതിരെ പ്രവർത്തിക്കുകയും ചെയ്തുവെന്ന്", അന്നത്തെ വനം, ഗതാഗത മന്ത്രിയും നിലവിലെ കോട്ടയം എംഎൽഎയുമായ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ " ജാലക"ത്തോട് പ്രതികരിച്ചു. പദ്ധതിയുടെ ഭാഗമായിരുന്ന റോഡ് വികസനത്തിനുള്ള മുഴുവൻ തുകപോലും പൂർണമായി സർക്കാർ തരാതിരുന്നതിനാൽ തന്റെ എംഎൽഎ ഫണ്ടിൽ നിന്നാണ് പണി പൂർത്തിയാക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹർജിക്കാരന്റെ സ്വത്തുക്കൾ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെയും നഷ്ടപരിഹാരതുക നൽകാതെയും ഏറ്റെടുത്തത്തിൽ പ്രതികളുടെ ഭാഗത്തുനിന്നുള്ള നടപടി ഏകപക്ഷീയവും നിയമവിരുദ്ധവുമായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടു നൽകിയ റിട്ട് ഹർജിയിലാണ് വിധിയുണ്ടായത്.

നിയമാനുസൃതമായി പൗരന്മാർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതു സർക്കാരിന്റെ ബാധ്യതയാണെന്നും ഭൂമി ഏറ്റെടുക്കൽ കേസുകളിൽ നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യവും കോടതി ഊന്നിപ്പറഞ്ഞിരുന്നു.

എൽഎആർആർ ആക്ട് 2013 പ്രകാരം നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെയും നഷ്ടപരിഹാരം നൽകാതെയും സ്വത്തുക്കൾ ഏറ്റെടുത്ത സർക്കാർ നടപടി ഏകപക്ഷീയവും അനുച്ഛേദം 14, 19 പ്രകാരം ഹർജിക്കാർക്ക് ഉറപ്പു നൽകുന്ന ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനവുമാണെന്ന് കോടതി കണ്ടെത്തിയിരുന്നു. നിയമപ്രകാരമുള്ള നടപടികൾ ആരംഭിച്ചു ഹർജിക്കാരിൽ നിന്ന് ഏറ്റെടുത്ത ഭൂമിക്കു നഷ്ടപരിഹാരം നൽകാനും ഭൂമിയുടെ മൂല്യം വിലയിരുത്താനുമാണ് കോടതി പ്രതികളോട് നിർദേശിച്ചത്.

2016ൽ ഭരണം പൂർത്തിയാക്കാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെയായിരുന്നു അന്നത്തെ യുഡിഎഫ് സർക്കാർ ഈ വിവാദത്തിൽ അകപ്പെട്ടത്. കോട്ടയത്തെ വികസന പദ്ധതികളായ ഇടനാഴിയ്ക്കും മൊബിലിറ്റി ഹബ്ബിനും വേണ്ടി നെൽവയലും തണ്ണീർത്തടങ്ങളും നികത്താനായിരുന്നു അന്നത്തെ സർക്കാരിന്റെ തീരുമാനം.

സർക്കാർ നൽകിയ ഉറപ്പിന്റെ പേരിൽ പദ്ധതിക്കായി ഹർജിക്കാർ ഭൂമിയുടെ ഭാഗങ്ങൾ വിട്ടുകൊടുത്തു. പിന്നീട് വാഗ്ദാനങ്ങളിൽ നിന്ന് സർക്കാർ പിന്മാറുകയും വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്തതാണ് ഹർജിക്കാർ കോടതിയെ സമീപിക്കാൻ കാരണമായത്.